**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **04-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ? | (എ) | കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**കൈത്തറി** മേഖല വികസിപ്പിക്കുന്നതിനുള്ള ശക്തമായ ഇടപടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ ജോലിയും ഉറപ്പ് വരുത്തി വ്യവസായത്തെ പുനർജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.<br>• പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>• ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>• നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>• ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>• കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ. (യുവ വീവ് പദ്ധതി).<br>• നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി.<br>• കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക.<br>• കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ് ലൂം വില്ലേജ്.<br>• കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി. |

- കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി (പുതിയത്).
- വിപണന - കയറ്റുമതി പ്രോത്സാഹനം.
- കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.
- പരിശീലന, വൈദഗ്ധ്യ, ശേഷി വികസന പരിപാടി.
- ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി).
- അംശദാനമിതവ്യയ പദ്ധതി.
- റിബേറ്റ് പദ്ധതി
- മാർക്കറ്റിംഗ് ഇൻസെന്റീവ്
- സ്മാൾ ക്ലസ്റ്റർ ഡവലപ്പ്മെൻസ് പ്രോഗ്രാം
- മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള കൈത്തറി ബ്രാൻഡിംഗ് എന്ന പദ്ധതി ( 'ക'.) നടപ്പിലാക്കിവരുന്നു
- നാട്ടുകാണി ടെക്സ്റ്റയിൽ ഡൈയിംഗ് ആൻ്റ് പ്രിൻ്റിംഗ് സെൻ്റർ.
- ഡിസൈൻ സ്റ്റുഡിയോ
- ഇൻകം സപ്പോർട്ട് സ്കീം

കൂടാതെ കൈത്തറി മേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി ഒരു അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

**കയർ** ഭൂവസ്ത്രപദ്ധതി വ്യാപിപ്പിക്കുന്നതിനും കയർ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. യന്ത്രവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) യെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന്റെ ആദ്യഘട്ടമായി 1.47 കോടി രൂപ KSCMMCക്ക് അനുവദിച്ച് നൽകി. കയർ സംഘങ്ങൾക്ക് Production and Marketing Incentive (PMI) പദ്ധതിയിൽ നടപ്പ് വർഷം 6.4 കോടി രൂപയും Market Development Assistance(MDA) പദ്ധതിയിൽ കയർമേഖലയിലെ പൊതുമേഖല സ്ഥാപനങ്ങൾക്ക്

സംസ്ഥാനവിഹിതമായി 10 കോടി രൂപയും അനുവദിച്ച് നൽകി. ഇൻകം സപ്പോർട്ട് പദ്ധതിയിൽ 12.49 കോടി രൂപ പരമ്പരാഗത കയർ തൊഴിലാളികൾക്കായി നടപ്പ സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിയിൽ കയർഫെഡിനും കയർ കോർപ്പറേഷനുമായി ആകെ 22.75 കോടി രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായമായ മുളയും അനുബന്ധ മേഖലകളിലുമുള്ള സംരംഭകത്വ പ്രക്രിയയും, പുതുമയും ത്വരിതപ്പെടുത്തുന്നതിനുമായി **സംസ്ഥാന ബാംബൂ മിഷൻ** വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിച്ച്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ച വരുന്നു.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാന ബാംബൂ മിഷനു കീഴിൽ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന **കേരള ക്രാഫ്റ്റ്സ് മേള** സംഘടിപ്പിച്ച വരുന്നു. സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ / സംരംഭകർ/ എൻ.ജി.ഒ/എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസിന് പരിസരത്ത് ബാംബൂ ഇന്നവേഷൻ സെൻറർ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുള മേഖലയുടെ വികസനത്തിനും കരകൗശലക്കാർക്കും വേണ്ടി ഒരു റിസോഴ്സ് സെന്ററായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകി വരുന്നു

21-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം മറൈൻ ഡ്രൈവ് മൈതാനിയിൽ 2024 ഡിസംബറിൽ സംഘടിപ്പിച്ചു. 200 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 300 ലധികം മുള കരകൗശല പ്രവർത്തകർ, ഭൂട്ടാനിൽ നിന്നുള്ള കരകൗശല വിദഗ്ധർ തുടങ്ങി കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുകയുണ്ടായി

**കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ** കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ- വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി. 2024-25 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. കാർഷിക - വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകി വന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട് തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാണിത്. കൂടാതെ ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, കൈത്താങ്ങ് പദ്ധതി തുടങ്ങിയ ആനുകൂല്യങ്ങളും കൂടാതെ പെൻഷനും നൽകുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സർക്കാർ നടപ്പാക്കുന്ന **ആശ** പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 40% പൊതു വിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 50% ശതമാനം സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/ യുവതി യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽ പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം സഹായം നൽകി വരുന്നു.

കരകൗശല മേഖല സംരക്ഷിക്കുന്നതിനായി, **കരകൗശല വികസന കോർപ്പറേഷൻ** സംസ്ഥാന സർക്കാർ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ക്രാഫ്റ്റുകൾ നിർമ്മിക്കുന്നതിൽ പരിശീലനം നൽകുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ പുതിയ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നിവയാണ് അവയിൽ ചിലത്. കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും നൽകുന്നുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെട്ട മരപ്പണി, ഇരുമ്പുപണി, കൽപ്പണി, സ്വർണ്ണപ്പണി, ചെമ്പ് - ഓട്ടുപാത്ര നിർമ്മാണം മുതലായ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാരെ ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി **കാഡ്കോ** നടപ്പിലാക്കിയിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാർക്ക് അവരവരുടെ താമസ സ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗോൾഡ് അപ്രൈസർ ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവത്ക്കരിക്കുന്നതിനും ഫല പ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ONDC Platform, GEM Platform എന്നിവ മുഖേന ഉല്പന്ന വിപണനം നടത്തുന്നതിന് സഹായിക്കുന്നു. NBCFDC സഹായത്തോടെ ചെറുകിട സംരംഭക യൂണിറ്റുകൾക്ക് വായ്പ നൽകുന്നുണ്ട്. ലേബർ ഡാറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആർട്ടിസാൻമാർക്ക് ടൂൾകിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിയും കൂടാതെ ഐ.ഡി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്ത് പരമ്പരാഗത മേഖലയെ ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തു ന്നതിനായി കേരള സംസ്ഥാന കരകൗശല പുരസ്കാരങ്ങൾ വിതരണം ചെയ്തു വരുന്നു.

പരമ്പരാഗത വ്യവസായമായ **കശുവണ്ടി** വ്യവസായത്തെ വിവിധ പദ്ധതികളിലൂടെ സർക്കാർ സംരക്ഷിച്ച വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി മേഖലയ്ക്കായി KSCDC, Capex, KSACC, KCB എന്നീ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തികവർഷം 5530 ലക്ഷം രൂപയും 2022-23 സാമ്പത്തികവർഷം 7800 ലക്ഷം രൂപയും 2023-24 സാമ്പത്തികവർഷം 5800 ലക്ഷം രൂപയും 2024-25സാമ്പത്തിക വർഷം 5336 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ **ഒറ്റത്തവണ തീർപ്പാക്കൽ (OTS)** പദ്ധതി സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.12.2021-ൽ നടന്ന യോഗ തീരുമാനങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടും ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി നടപ്പിലാക്കിക്കൊണ്ടും 14.03.2022 തീയതിയിൽ 224/2022/ഐഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരം അക്കൗണ്ട് ഹോൾഡർമാർ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ട അവസാന തീയതി 31.12.2024 വരെ ഒരിക്കൽക്കൂടി ദീർഘിപ്പിച്ച് 22/05/2024 തീയതിയിലെ സ.ഉ.(സാധാ) നം.355/2024/ഐഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനു മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13.10.2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.1111/2022/ഐഡി പ്രകാരം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ

കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. അതിൽ 2 കോടി രൂപയ്ക്ക് 2024-25 വർഷത്തേയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്

കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ്സ് പുതുക്കി 09.02.2024 തീയതിയിൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.. 23% കൂലി വർദ്ധനവ് ആണ് ഇപ്രകാരം 12.02.2024 മുതൽ നടപ്പാക്കിയിട്ടുള്ളത്. ഇപ്രകാരമുള്ള കൂലി വർദ്ധനവ് കശുവണ്ടി വികസന കോർപ്പറേഷനിലും 12.02.2024 മുതൽ പ്രാബല്യ ത്തിൽ വന്നിട്ടുള്ളതാണ്.

പരമ്പരാഗത വ്യവസായമായ **ഖാദിയെ** സംരക്ഷിക്കുന്നതിനായി ടി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ് നെയ്ത്തു ഉപകരണങ്ങൾ നവീകരിക്കു ന്നതിനും ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾവരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്

ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും വഴി സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചു.

ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ കെ.എസ്.സി.എം. എം.സി. നവീകരിച്ചു നൽകിയ ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ ഇടുക്കി പ്രോജക്ടിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഖാദി തുണികളിൽ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹാ യിക്കുന്ന ഹാൻഡ് ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനി ശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. തൊഴിലാളി കളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ചർക്കകളിൽ നവീകരണം നടത്തുന്നതി നായി ഐ.ഐ.റ്റി. ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ചർക്ക, തറി സ്പെയർ പാർട്സ് വാങ്ങൽ എന്നിവക്കായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽനിന്നുമുള്ള തുക ഉപയോഗിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ തൊഴിലാളികൾക്ക് ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ